# പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2020 ജനവരി 29, ബുധൻ

പതിനാലാം കേരള നിയമസഭയുടെ പതിനെട്ടാം സമ്മേളനം 2020 ജനവരി 29-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് നിയമസഭാ ഹാളിൽ ആരംഭിച്ചു.

### I ഗവർണ്ണറുടെ പ്രസംഗം

നിയമസഭാ മന്ദിരത്തിന്റെ കിഴക്കുവശത്തുള്ള പ്രധാന കവാടത്തിൽ രാവിലെ 8.52-ന് എത്തിച്ചേർന്ന ബഹുമാനപ്പെട്ട ഗവർണ്ണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാനെ ബഹുമാന്യരായ സ്പീക്കർ, മുഖ്യമന്ത്രി, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, നിയമസഭാ സെക്രട്ടറി എന്നിവർ ചേർന്ന് സ്വീകരിച്ച് നിയമസഭാ ഹാളിലേയ്ക്ക് ആനയിച്ചു.

ബഹുമാനപ്പെട്ട ഗവർണ്ണറുടെ ആഗമനം ചീഫ് മാർഷൽ ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിച്ചു.

തുടർന്ന് ബഹുമാനപ്പെട്ട ഗവർണ്ണർ, ഗവർണ്ണറുടെ അംഗരക്ഷകൻ, നിയമസഭാ

സെക്രട്ടറി, സ്പീക്കർ, മുഖ്യമന്ത്രി, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, ഗവർണ്ണറുടെ സെക്രട്ടറി എന്നീ ക്രമത്തിൽ നിയമസഭാ ഹാളിലേയ്ക്ക് പ്രവേശിച്ചു.

(ബഹുമാനപ്പെട്ട ഗവർണ്ണർ നിയമസഭാ ഹാളിൽ പ്രവേശിച്ച ഉടനെ പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിക്കുകയും ബാനറുകളും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് ഗവർണ്ണറെ അദ്ധ്യക്ഷവേദിയിലേയ്ക്ക് ആനയിക്കുന്നതിന് തടസ്സം സൃഷ്ടിക്കുകയും ചെയ്തതിനെത്തുടർന്ന് പ്രസ്തുത നടപടിയിൽനിന്ന് പിന്തിരിയണമെന്ന ബഹുമാനപ്പെട്ട സ്പീക്കറുടെ ആവശ്യം അംഗീകരിക്കാത്ത പ്രതിപക്ഷാംഗങ്ങളെ സ്പീക്കറുടെ നിർദ്ദേശപ്രകാരം വാച്ച് ആന്റ് വാർഡ് നീക്കുകയും ബഹുമാനപ്പെട്ട ഗവർണ്ണർക്ക് അദ്ധ്യക്ഷവേദിയിലേയ്ക്ക് പോകാൻ വഴിയൊരുക്കുകയും ചെയ്തു)

ബഹുമാന്യരായ ഗവർണ്ണറും സ്പീക്കറും അദ്ധ്യക്ഷവേദിയിൽ അവരവരുടെ ഇരിപ്പിടങ്ങൾക്ക് മുന്നിലെത്തിയപ്പോൾ പോലീസ് ബാന്റ് ദേശീയഗാനവാദനം മുഴക്കി.

ബഹുമാനപ്പെട്ട ഗവർണ്ണർ നിയമസഭാ സാമാജികരെ അഭിവാദ്യം ചെയ്ത് ഉപവിഷ്ടനായി.

സമ്പൂർണ്ണ കടലാസ് രഹിത നിയമസഭ എന്ന പദ്ധതിക്ക് ഗവർണ്ണറുടെ

പ്രസംഗത്തോടെ തുടക്കംകുറിക്കുകയാണെന്ന് ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

(ഗവർണ്ണറുടെ പ്രസംഗത്തിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നുവെന്ന് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തിയശേഷം യു.ഡി.എഫ്. അംഗങ്ങൾ ഒന്നടങ്കം സഭ ബഹിഷ്കരിച്ചു)

ബഹുമാനപ്പെട്ട ഗവർണ്ണർ രാവിലെ 9.09-ന് ആരംഭിച്ച പ്രസംഗം 11.08-ന് പൂർത്തിയാക്കി.

പ്രസംഗം പൂർത്തിയാക്കിയതിനുശേഷം വീണ്ടും പോലീസ് ബാന്റ് ദേശീയഗാനവാദനം മുഴക്കി.

തുടർന്ന് ബഹുമാനപ്പെട്ട ഗവർണ്ണറെ ബഹുമാന്യരായ സ്പീക്കർ, മുഖ്യമന്ത്രി, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, നിയമസഭാ സെക്രട്ടറി, ചീഫ് സെക്രട്ടറി എന്നിവർ ചേർന്ന് നിയമസഭാ മന്ദിരത്തിന്റെ പ്രധാന കവാടത്തിലേയ്ക്ക് അനുഗമിച്ച് യാത്രയാക്കി.

ബഹുമാനപ്പെട്ട ഗവർണ്ണറെ യാത്രയാക്കിയശേഷം ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ യോഗം തുടർന്നു. സ്പീക്കറുടെ നിർദ്ദേശാനുസരണം ഗവർണ്ണറുടെ പ്രസംഗത്തിന്റെ പകർപ്പുകൾ നിയമസഭാ സാമാജികർക്കും പത്രപ്രവർത്തകർക്കും വിതരണം ചെയ്തു.

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച 2020 ഫെബ്രുവരി 3-ാം തീയതി ആരംഭിക്കുന്നതാണെന്നും പ്രമേയത്തിന് ഭേദഗതികൾ നൽകാനുദ്ദേശിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ 2020 ജനുവരി 31-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണെന്നും സ്പീക്കർ സഭയെ അറിയിച്ചു.

## II അറിയിപ്പ്

### പരിശീലന പരിപാടി

ഇ-നിയമസഭയുമായി ബന്ധപ്പെട്ട പരിശീലന പരിപാടി സഭ പിരിഞ്ഞതിനുശേഷം നിയമസഭാ ഹാളിൽ വച്ച് നടത്തുന്നതാണെന്നും അംഗങ്ങൾക്ക് നൽകാനുദ്ദേശിക്കുന്ന ഐപാഡുകൾ പരിശീലനത്തിന്റെ ഭാഗമായി വിതരണം ചെയ്യുന്നതാണെന്നും എല്ലാ സാമാജികരും പ്രസ്തുത പരിപാടിയിൽ പങ്കെടുക്കണമെന്നും സ്പീക്കർ അറിയിച്ചു.

സഭ രാവിലെ 11.18-ന് പിരിഞ്ഞു.

\- \- \-